പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1107 — 03.12.2015 ൽ മറുപടിക്ക്

ആശ്വാസ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം വി. ശ്രേയാംസ് കുമാർ : | ശ്രീ. പി.കെ.അബ്ദുറബ്ബ് (ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പാക്കുന്ന ആശ്വാസ് പദ്ധതി ഇപ്പോൾ എതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) ആശ്വാസ് പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തിലെ 9 ജില്ലകളിൽ നിന്നും 9 സ്കൂളുകളെ തെരെഞ്ഞെടുത്തിട്ടുണ്ട്. എന്നാൽ 2014-15 സാമ്പത്തിക വർഷത്തിൽ അടിസ്ഥാനസൗകര്യ വികസനത്തിനായി ഒറ്റത്തവണ അധിക കേന്ദ്രസഹായമായി വകയിരുത്തിയിരുന്ന 2 കോടി രൂപ അനുവദിക്കാത്തതിനാൽ അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾ തുടങ്ങാൻ സാധിച്ചില്ല. |
| (ബി) എതെല്ലാം ജില്ലകളിലെ ഏതെല്ലാം സ്കൂളുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) സംസ്ഥാനത്തിലെ 9 സ്കൂളുകളെ ആശ്വാസ് പദ്ധതിക്കായി തെരെഞ്ഞെടുത്തിട്ടുണ്ട്<br>1. ഗവ. ഹൈസ്ക്കൂൾ, ജഗതി, തിരുവനന്തപുരം<br>2. ഗവ. ഹൈസ്ക്കൂൾ, കുറ്റൂർ, പത്തനംതിട്ട<br>3. ഗവ. എം.സി.വി.എച്ച്.എസ്.എസ്, ആർപ്പുക്കര, കോട്ടയം<br>4. ഗവ. യു.പി. സ്കൂൾ, പുതുചെപ്പ്, എറണാകുളം<br>5. സർവ്വജന ഹയർസെക്കന്ററി സ്കൂൾ സുൽത്താൻ ബത്തേരി. വയനാട്<br>6. ഗവ. നാഷണൽ ഹൈസ്ക്കൂൾ, കൊടകര, തൃശ്ശൂർ |

7. ഗവ. യു.പി. സ്കൂൾ, ബിലാത്തിക്കുളം നടക്കാവ്, കോഴിക്കോട്
8. ഗവ. ഹയർ സെക്കന്ററി സ്കൂൾ തൊടുപുഴ, ഇടുക്കി
9. ഗവ. ഹൈസ്ക്കൂൾ, ചിറക്കര, തലശ്ശേരി, കണ്ണൂർ

| | |
|---|---|
| (സി) പ്രസ്തുത പദ്ധതിയിലേക്ക് സ്കൂളുകളെ തെരെഞ്ഞടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (സി) ഒരു ഏക്കറോ, അതിൽകൂടുതലോ സ്ഥലസൗകര്യമുള്ള അൺ ഇക്കണോമിക് ആയ ഗവ. സ്കൂളുകളാണ് ആശ്വാസ് പദ്ധതിക്കുവേണ്ടി തെരെഞ്ഞെടുക്കുന്നത്. ശുദ്ധജല സൗകര്യം, ഇലക്ട്രിസിറ്റി കണക്ഷൻ, 5 കിലോമീറ്ററിനകത്ത് യു.പി. സ്കുൾ ഉണ്ടായിരിക്കണം, 600 കുട്ടികൾക്ക് ആഴ്ചയിൽ കായിക പരിശീലനം നൽകുന്നതിനുള്ള ഗ്രൗണ്ട് ഉണ്ടാവണം, സ്കൂളിന് കോമ്പൗണ്ട് വാൾ ഉണ്ടായിരിക്കണം എന്നിവയാണ് ആശ്വാസ് പദ്ധതിയ്ക്കായി സ്കൂളുകളെ തെരെഞ്ഞടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ |

സെക്ഷൻ ഓഫീസർ